**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1866** **08-02-2023 - ൽ മറുപടിയ്ക്ക്**

**ദേശീയ ജൂനിയർ സൈക്കിൾ പോളോ ടീം അംഗത്തിന്റെ മരണം സംബന്ധിച്ചുള്ള അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . എൻ . ഷംസുദ്ദീൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ജൂനിയർ സൈക്കിൾ പോളോ മത്സരത്തിനായി നാഗ്പൂരിൽ പോയ കേരള ടീം അംഗം നിദ ഫാത്തിമയുടെ മരണം സംബന്ധിച്ചുള്ള അന്വേഷണത്തിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (എ) | **2022 ഡിസംബർ മാസം 22-ാം തീയതി ദേശീയ സബ് ജൂനിയർ സൈക്കിൾ പോളോ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുവാൻ മഹാരാഷ്ട്രയിലെ നാഗ്പ്പൂരിൽ എത്തിയ നിദ ഫാത്തിമയുടെ മരണം കേരള ജനതയെ പ്രത്യേകിച്ച് കായിക കേരളത്തെ ആകെ കണ്ണീരിലാഴ്ത്തിയ സംഭവമായിരുന്നു. ഈ വാർത്ത ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ കുട്ടിയുടെ മരണത്തിന് കാരണമായ വിഷയങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിനും ആവശ്യമായ നടപടിക്രമങ്ങൾ പാലിച്ച് എത്രയും പെട്ടെന്ന് ഭൗതിക ശരീരം വിട്ടുനൽകുന്നതിനും നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സർക്കാർ മഹാരാഷ്ട്ര മുഖ്യമന്ത്രിയ്ക്കും കായിക വകുപ്പ് മന്ത്രിയ്ക്കും 22.12.2022-ന് തന്നെ കത്തയച്ചിരുന്നു. മരണത്തെക്കുറിച്ച് വിശദമായ അന്വേഷണത്തിന് മഹാരാഷ്ട്ര മുഖ്യമന്ത്രിയ്ക്ക് നിർദ്ദേശം നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര കായിക യുവജനകാര്യ മന്ത്രിയ്ക്കും കത്തയക്കുകയുണ്ടായി. കൂടാതെ കുട്ടിയെ മത്സരത്തിൽ പങ്കെടുപ്പിക്കുവാൻ കൊണ്ട് പോയ കേരള സൈക്കിൾ പോളോ അസോസിയേഷൻ സെക്രട്ടറിയോട് ഇതിന്റെ നിജസ്ഥിതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലും നിർദ്ദേശം നൽകിയിട്ടുണ്ട്. അന്വേഷണം ത്വരിതപ്പെടുത്തണമെന്നാവശ്യപ്പെട്ട് മഹാരാഷ്ട്ര മുഖ്യമന്ത്രിയ്ക്കും കേന്ദ്ര മന്ത്രിയ്ക്കും വീണ്ടും കത്തയച്ചിട്ടുണ്ട്.** |
| (ബി) | ദേശീയ സൈക്കിൾ പോളോ ഫെഡറേഷന്റെ അംഗീകാരമുള്ളവർക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കൂ എന്ന് അറിഞ്ഞിട്ടും രണ്ട് ടീമുകളെ മത്സരത്തിന് അയച്ചത് സ്പോർട്സ് കൗൺസിലിന്റെ ഭാഗത്തുനിന്നുണ്ടായ ഉത്തരവാദിത്ത കുറവാണോ എന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (ബി) | **നിലവിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അംഗീകാരമുള്ള അസോസിയേഷൻ കോടതി ഉത്തരവ് പ്രകാരം തെരഞ്ഞെടുത്ത ടീമിനെ മാത്രമേ മത്സരത്തിനായി അയച്ചിട്ടുള്ളൂ.** |

സെക്ഷൻ ഓഫീസർ